07
2025
ഫെബ്രുവരി
വെള്ളി
മകരം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.70 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-70 | പേജ് 4. വില 2.00 രൂപ




02 രണ്ടാമത് കേരള രാജ്യാന്തര ഊർജ മേളയ്ക്ക് നാളെ തുടക്കം
03 വംശനാശഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിന് നൂതന പദ്ധതി
04 ഇലക്ട്രിക് വാഹന വിപണനരംഗത്ത് സാധ്യതകൾ ഉപയോഗപ്പെടുത്തും

### ഇന്ത്യൻ കുടിയേറ്റക്കാരെ ചങ്ങലക്കിട്ട് തിരിച്ചയച്ച സംഭവം

# പാർലമെൻറ് പ്രക്ഷുബ്ധം



ന്യൂഡൽഹി: ഇന്ത്യക്കാരെ അമേരിക്ക മനുഷ്യത്വ രഹിതമായി ചങ്ങലക്കിട്ട് നാടുകടത്തിയ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ലോക്സഭയിലും രാജ്യസഭയിലും പ്രതിപക്ഷം ഈ വിഷയം ഉന്നയിച്ചു പ്രതിഷേധിച്ചു.

ലോക്സഭ ചേർന്നപ്പോൾ തന്നെ പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലേക്ക് നീങ്ങി ബഹളം വച്ചതോടെ ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവച്ചു. വിഷയത്തിൽ ചർച്ച വേണമെന്ന് ആവശ്യപ്പെട്ട് ലോക്സഭയിലെ കോൺഗ്രസ് ഉപനേതാവ് ഗൗരവ് ഗൊഗോയ് ആണ് അടിയന്തര പ്രമേയം അവതരിപ്പിച്ചത്.

കൂടാതെ അനധികൃത ഇന്ത്യൻ കുടിയേറ്റക്കാരെ തിരിച്ച് കൊണ്ടുവരുന്നത് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എം. പി കെ. സി. വേണുഗോപാലും ലോക്സഭയിൽ അടിയന്തര പ്രമേയ നോട്ടീസ് നൽകിയിരുന്നു.

രാജ്യസഭ 12ന് ചേർന്നപ്പോഴും ഇതേവിഷയം പ്രതിപക്ഷം സഭയിൽ ഉന്നയിച്ചു. ഇതോടെ വിദേശകാര്യമന്ത്രി ഉച്ചയ്ക്ക് രണ്ടിന് പ്രസ്താവനയ്ക്ക് തയാറാണെന്ന് സർക്കാർ അറിയിച്ചു. കക്ഷി നേതാക്കൾക്ക് ഇക്കാര്യത്തിൽ സംസാരിക്കാൻ സമയം അനുവദിക്കാമെന്നും സർക്കാർ അറിയിച്ചു.

104 പേരെ തിരിച്ചയയ്ക്കുന്ന കാര്യം ഇന്ത്യയെ അറിയിച്ചിരുന്നെന്ന് മന്ത്രി മറുപടി പറഞ്ഞു. എന്നാൽ നാടുകടത്തപ്പെട്ട പലരും കോൺസുലേറ്റിന്റെ സഹായം ആവശ്യപ്പെട്ടിരുന്നില്ല. 2014 മുമ്പ് 1000 ൽ അധികം പേരെ ഇത്തരത്തിൽ തിരിച്ചയച്ചിരുന്നെന്നും മന്ത്രി വ്യക്തമാക്കി.

ഇന്ത്യൻ കുടിയേറ്റക്കാരെ യുഎസ് ചങ്ങലക്കിട്ട് തിരിച്ചയച്ച സംഭവത്തെ ന്യായീകരിച്ച് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. സ്ത്രീകളും കുട്ടികളും ഒഴികെയുള്ളവരെയാണ് വിലങ്ങിട്ടതെന്ന് മന്ത്രി രാജ്യസഭയിൽ പറഞ്ഞു.

അമേരിക്ക ഇന്ത്യയ്ക്കാരെ തിരിച്ചയയ്ക്കുന്നത് ഇതാദ്യമല്ല. നേരത്തേ കൊണ്ടുവന്നപ്പോഴും ഇതായിരുന്നു രീതി. ഇത്തരത്തിൽ തിരിച്ചയയ്ക്കുന്പോൾ മുമ്പും വിലങ്ങ് വയ്ക്കാറുണ്ട്. നിയമവിരുദ്ധമായി തങ്ങുന്നവരെ തിരിച്ച് സ്വീകരിക്കാൻ ഇന്ത്യയ്ക്ക് ബാധ്യതയുണ്ട്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ അംഗീകരിക്കാനാവില്ല. ഇന്ത്യക്കാരോട് മോശം പെരുമാറ്റം പാടില്ലെന്ന് സർക്കാർ ആവശ്യപ്പെട്ടതാണെന്നും മന്ത്രി പറഞ്ഞു.

സർക്കാർ അമേരിക്കയ്ക്കു മുന്നിൽ കീഴടങ്ങിയെന്നാണ് പ്രതിപക്ഷ ആരോപണം. മെക്സികോ, കൊളംബിയ തുടങ്ങിയ രാജ്യങ്ങൾ കുടിയേറ്റക്കാരുമായി എത്തിയ സൈനിക വിമാനം ഇറങ്ങാൻ അനുമതി നൽകിയിരുന്നില്ല.

വലിയ സാമ്പത്തിക ശക്തിയെന്ന് അവകാശപ്പെടുന്ന ഇന്ത്യയ്ക്ക് എന്തുകൊണ്ട് ഇതു ചെറുക്കാനായില്ല എന്ന ചോദ്യത്തിനാണ് പ്രതിപക്ഷം പാർലമെൻറിൽ വിശദീകരണം തേടുന്നത്.

## സംസ്ഥാന ബജറ്റ് ഇന്ന്

തിരുവനന്തപുരം: പിണറായി സർക്കാരിന്റെ സന്പൂർണ ബജറ്റ് വെള്ളിയാഴ്ച ധനകാര്യമന്ത്രി കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കും. ബജറ്റ് അവതരണത്തിനു മുന്നോടിയായുള്ള നടപടിക്രമങ്ങളിലാണ് ധനകാര്യമന്ത്രി. തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പും അടുത്ത വർഷം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പും മുന്നിൽ കണ്ടുകൊണ്ടുള്ള ബജറ്റായിരിക്കുമെന്നാണ് ലഭിക്കുന്ന വിവരം.

നിരവധി പ്രഖ്യാപനങ്ങൾക്ക് സാധ്യതയുണ്ട്. എന്നാൽ നിലവിലെ സാന്പത്തിക പ്രതിസന്ധി മറികടക്കാനുള്ള പുതിയ മാർഗങ്ങൾക്കും നികുതി വർധനയ്ക്കുള്ള സാധ്യത തള്ളിക്കളയാനാകില്ല. സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സൗഹൃദമാക്കാനുള്ള നിർദേശങ്ങളും വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ടുകളെ സംബന്ധിച്ചും ബജറ്റിൽ പ്രഖ്യാപനം ഉണ്ടാകും.

സംസ്ഥാനത്തിന്റെ വരുമാനം കൂട്ടുന്നതിനുള്ള പുതിയ പരിഷ്കാരങ്ങളും പ്രതീക്ഷിക്കാം. തെരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ടു പരമാവധി പ്രഖ്യാപനങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയേക്കും. ധനമന്ത്രി ബാലഗോപാലിന്റെ നാലാമത്തെ സന്പൂർണ ബജറ്റാണ് വെള്ളിയാഴ്ച അവതരിപ്പിക്കുന്നത്. ബജറ്റിലെ നിർദേശങ്ങൾ എന്തൊക്കെയാണെന്ന് പ്രതിപക്ഷവും ഉറ്റുനോക്കുകയാണ്.

## ജൂൺ ഒന്ന് മുതൽ സംസ്ഥാനത്ത് സിനിമാ സമരം

കൊച്ചി: സംസ്ഥാനത്ത് ജൂൺ ഒന്ന് മുതൽ സിനിമാ സമരം. ജിഎസ്ടിക്കൊപ്പമുള്ള വിനോദനികുതി സംസ്ഥാന സർക്കാർ പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് സമരം നടത്താൻ തീരുമാനിച്ചത്.

സിനിമാ സംഘടനകളുടെ സംയുക്ത യോഗത്തിലാണ് തീരുമാനം. താരങ്ങളുടെയടക്കം വലിയ പ്രതിഫലം കുറയ്ക്കണമെന്നും നിർമാതാക്കൾ ആവശ്യപ്പെടുന്നുണ്ട്.

മലയാള സിനിമ വൻ പ്രതിസന്ധിയിലാണെന്ന് ചലച്ചിത്ര നിർമ്മാതാവ് ജി സുരേഷ് കുമാർ അറിയിച്ചു. ജനുവരിയിൽ മലയാള സിനിമയുടെ തിയറ്റർ നഷ്ടം 101കോടിയെന്ന് നിർമാതാക്കൾ പറഞ്ഞു. തിയറ്ററിൽ റിലീസായ 28ചിത്രങ്ങളിൽ നേട്ടമുണ്ടാക്കിയത് രേഖാചിത്രം മാത്രമാണ്. കണക്കുകൾ പുറത്തുവിട്ടായിരുന്നു നിർമ്മാതാക്കളുടെ വിശദീകരണം.

'സിനിമാനിർമാണ ചെലവിന്റെ 60ശതമാനവും താരങ്ങൾക്കുൾപ്പെടെ പ്രതിഫലം നൽകാനാണ് ചെലവിടുന്നത്. ഒരു രീതിയിലും ഒരു നിർമാതാവിന് സിനിമ എടുക്കാൻ സാധിക്കുന്നില്ല. താരങ്ങളുടെ പ്രതിഫലം മലയാള സിനിമക്ക് താങ്ങവുന്നതിലും അപ്പുറമാണ്. അവർക്കൊന്നും ഒരു ആത്മാർത്ഥതയും ഇല്ല. 'നിർമ്മാതാക്കൾ വിശദീകരിച്ചു.

## സ്വതന്ത്ര പലസ്തീൻ രാഷ്ട്രത്തിന് ഗാസ അനിവാര്യം': യുഎൻ സെക്രട്ടറി ജനറൽ

ന്യൂയോർക്ക്: ഗാസ മുനമ്പ് ഏറ്റെടുക്കുമെന്നും പലസ്തീനികൾ അവിടെനിന്ന് ഒഴിയണമെന്നുമുള്ള അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ പ്രസ്താവനയ്ക്കെതിരേ ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്. അന്താരാഷ്ട്രനിയമങ്ങളുടെ അടിസ്ഥാനതത്വങ്ങൾ എല്ലാ രാജ്യങ്ങളും പാലിക്കണമെന്നും വംശീയ ഉന്മൂലനം നിർബന്ധമായും ഒഴിവാക്കണമെന്നും ഗുട്ടറെസ് പറഞ്ഞു.

ശാശ്വതമായ വെടിനിർത്തലാണ് ഇപ്പോൾ ആവശ്യം. പരിഹാരങ്ങൾക്ക് ശ്രമിക്കുമ്പോൾ സ്ഥിതി വഷളാക്കരുത്. സ്വതന്ത്ര പലസ്തീൻ രാഷ്ട്രം രൂപീകരിക്കുന്നതിന് ഗാസ അനിവാര്യമാണ്. സ്വന്തം മണ്ണിൽ ജീവിക്കാനുള്ള പലസ്തീനികളുടെ അവകാശം അകലുകയാണെന്നും ന്യൂയോർക്കിലെ യുഎൻ യോഗത്തിൽ ഗുട്ടെറസ് അഭിപ്രായപ്പെട്ടു. പലസ്തീനികളെ അവരുടെ മണ്ണിൽനിന്ന് സ്ഥലംമാറ്റുന്ന യാതൊരു നടപടിയും അംഗീകരിക്കില്ലെന്ന് സൗദി അറേബ്യയും വ്യക്തമാക്കി. സൗദി വിദേശകാര്യ മന്ത്രാലയമാണ് നിലപാട് വ്യക്തമാക്കിയത്. യുദ്ധത്തിൽ തകർന്ന ഗാസയെ ഏറ്റെടുക്കുമെന്നും പുനർനിർമിച്ച് മനോഹരമാക്കുമെന്നുമാണ് കഴിഞ്ഞദിവസം ട്രംപ് പറഞ്ഞത്.

## പി.എഫ് പലിശ 7.1 ശതമാനം

2025 ജനുവരി 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് ജനറൽ പ്രൊവിഡന്റ് ഫണ്ടിലും (കേന്ദ്ര സർവീസ്) മറ്റ് സമാന ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 7.1 ശതമാനം പലിശ നിരക്ക് കേന്ദ്ര സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ജനറൽ പ്രൊവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രൊവിഡന്റ് ഫണ്ടിലുമുള്ള നിക്ഷേപങ്ങൾക്ക് 2025 ജനുവരി 1 മുതൽ മാർച്ച് 31 വരെ കാലയളവിൽ 7.1 ശതമാനം പലിശ നിരക്ക് നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറത്തിറക്കി. കേരള സംസ്ഥാന ജനറൽ പ്രോവിഡന്റ് ഫണ്ട്, കേരള എയ്ഡഡ് സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, കേരള എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ എംപ്ലോയീസ് പ്രോവിഡന്റ്, (കേരള സംസ്ഥാന ആയുർവേദ പഠന ഗവേഷണ സൊസൈറ്റി), കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, കേരള പാർട്ട് ടൈം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് എന്നീ നിക്ഷേപങ്ങൾക്കാണ് ഉത്തരവ് ബാധകം.

## ബസ് ബൈക്കിലിടിച്ചു; മൂന്ന് കുട്ടികൾ ഉൾപ്പടെ ഒരു കുടുംബത്തിലെ അഞ്ച്പേർക്ക് ദാരുണാന്ത്യം

ബംഗുളൂരു: കർണാടകയിലെ യാദ്ഗിർ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ മൂന്ന് കുട്ടികളടക്കം ഒരു കുടുംബത്തിലെ അഞ്ച് പേർ മരിച്ചു. ആഞ്ജനേയൻ(35), ഭാര്യ ഗംഗമ്മ(28), മക്കൾ പവിത്ര(അഞ്ച്), രായപ് (മൂന്ന്), ആഞ്ജനേയയുടെ അനന്തരവൻ ഹനുമന്ത(ഒന്ന്) എന്നിവരാണ് മരിച്ചത്. സുരപുര പോലീസ് സ്റ്റേഷൻ പരിധിയിലെ ടിന്തനി ആർച്ചിന് സമീപമാണ് അപകടം. അഞ്ചുപേരും സുരപുരയിൽ നിന്ന് തിന്തനിയിലേക്ക് ബൈക്കിൽ പോകുമ്പോഴായിരുന്നു സംഭവം. ഇവർ സഞ്ചരിച്ചിരുന്ന ബൈക്കിന് പിന്നിൽ കല്യാൺ കർണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (കെകെഎസ്ആർടിസി) ബസ് ഇടിച്ചതാണ് അപകടകാരണം. ഇടിയുടെ ആഘാതത്തിൽ രണ്ട് കുട്ടികളുൾപ്പെടെ മൂന്ന് പേർ സംഭവസ്ഥലത്ത് വച്ചും മറ്റ് രണ്ട് പേർ ആശുപത്രിയിലേക്കുള്ള വഴിമധ്യേയും മരിച്ചു. ഇടിയുടെ ആഘാതത്തിൽ ബൈക്ക് പൂർണമായും തകർന്നു. കലബുറഗിയിൽ നിന്ന് ചിഞ്ചോളിയിലേക്ക് പോവുകയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്.

## പട്ടം എസ് യു ടി ആശുപത്രിയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സൗജന്യ കാൻസർ സ്ക്രീനിംഗ് ആരംഭിച്ചു

തിരുവനന്തപുരം: എസ് യു ടി ആശുപത്രി, സ്നേഹതാളം, സ്വസ്തി ഫൗണ്ടേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംസ്ഥാന സർക്കാരുമായി ചേർന്ന് നടത്തുന്ന 'കാൻസർ സേഫ് കേരള' പദ്ധതിയുടെയും 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' എന്ന കേരള സർക്കാരിന്റെ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെയും ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന സൗജന്യ കാൻസർ പരിശോധനാ പരിപാടി ആരംഭിക്കുന്നു.

എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ചയും അവസാന വ്യാഴാഴ്ചയും മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 5 പേർക്ക് വീതം സ്ക്രീനിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഓങ്കോളജി വിദഗ്ദ്ധന്റെ സൗജന്യ കൺസൾട്ടേഷൻ ഉൾപ്പെടെ സ്ത്രീകൾക്കുള്ള പാപ്പ് സ്മിയർ, മാമോഗ്രാം, ഇഅ 125 ടെസ്റ്റുകൾ (അണ്ഡാശയ അർബുദ രോഗനിർണ്ണയത്തിന്), പുരുഷന്മാർക്ക് ജടഅ ടെസ്റ്റുകൾ (പ്രോസ്റ്റേറ്റ് കാൻസർ രോഗനിർണ്ണയത്തിന്), ഇഅ 19.9 തുടങ്ങിയ കാൻസർ സ്ക്രീനിംഗ് ടെസ്റ്റുകളും സൗജന്യമായി ലഭ്യമാണ്.

ജീവിതശൈലിയിൽ മാറ്റം വരുത്തി കാൻസർ രോഗ പ്രതിരോധം തീർക്കുകയും ബോധവത്കരണത്തിലൂടെയും മുൻകൂട്ടിയുള്ള രോഗനിർണ്ണയത്തിലൂടെയും പ്രാരംഭഘട്ടത്തിൽ തന്നെ സമയബന്ധിതമായ ഇടപെടലും കൃത്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9645001472, 7902793097 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.



## കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

2025 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (സെഷൻ) ഫെബ്രുവരി 23ന് കേരളത്തിലെ എല്ലാ ജില്ലകളിലും വച്ച് നടത്തും. ഫെബ്രുവരി 10ന് വൈകിട്ട് 4 മണിവരെ www.cee.kerala.gov.in വെബ്സൈറ്റിലൂടെ അപേക്ഷകൾ സമർപ്പിക്കാം. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## 124.25 കോടി രൂപ പ്രോത്സാഹന തുകയായി അനുവദിച്ചു

സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് 2024-25 പാർട്ട് തകകക അർബൻ പ്ലാനിംഗ് റിഫോംസിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അമൃത് മിഷൻ കേരള സമർപ്പിച്ച പ്രൊപ്പോസലും അനുബന്ധ രേഖകളും കേന്ദ്ര നഗരകാര്യ മന്ത്രാലയം വിലയിരുത്തി അംഗീകരിക്കുകയും ആയതിന്റെ ഭാഗമായി സംസ്ഥാനത്തിന് 124.25 കോടി രൂപ പ്രോത്സാഹന തുകയായി അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മൂലധന നിക്ഷേപമായി ഉപയോഗിക്കാവുന്നതാണ്. നിലവിൽ ഉത്തർപ്രദേശ്, കേരളം, ആസാം, ഹിമാചൽപ്രദേശ് തുടങ്ങി നാല് സംസ്ഥാനങ്ങൾക്കാണ് പ്രോത്സാഹന തുക അനുവദിച്ചിട്ടുള്ളത്.

## കേന്ദ്രീകൃത കൗൺസിലിംഗും, മോപ് അപ് അലോട്ട്മെന്റും ഫെബ്രുവരി 12ന്

വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയും തുടർന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പും ഇന്റേൺഷിപ്പും ചെയ്യുവാനുള്ള അറിയിപ്പും കിട്ടിയിട്ടുള്ള വിദ്യാർഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിലും, സ്വകാര്യ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് + ഇന്റേൺഷിപ്പ് അനുവദിക്കുന്നതിലേക്കായുള്ള സെൻട്രലൈസ്ഡ് കൗൺസിലിംഗ് പ്രോസസ്സ്, മോപ്പ്അപ്പ് അലോട്ട്മെന്റ് എന്നിവ ഫെബ്രുവരി 12ന് തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടക്കും. വിശദ വിവരങ്ങൾക്കും, വിജ്ഞാപനത്തിനും www.dme.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

## താൽക്കാലിക ഒഴിവ്

കൊല്ലം ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ എൻജിനിയർ (ബോയിലർ ഓപ്പറേറ്റർ) തസ്തികയിൽ ഓപ്പൺ വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്ന ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ഒന്നാം ക്ലാസ് ബിരുദത്തോടൊപ്പം ബിഒഇ അല്ലെങ്കിൽ മെക്കാനിക്കൽ എൻജിനിയറിങ് ഡിപ്ലോമയാണ് യോഗ്യത. 2024 ജനുവരി 1 ന് 41 വയസ് കവിയാൻ പാടില്ല. നിയമാനുസൃത വയസിളവ് ബാധകമാണ്. ഭിന്നശേഷി, വനിതാ ഉദ്യോഗാർഥികൾ പ്രസ്തുത തസ്തികയിലേക്ക് അർഹരല്ല. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 17 നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അടുത്തുള്ള ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

## ടെണ്ടർ ക്ഷണിച്ചു

വനിത ശിശുവികസന വകുപ്പിന്റെ കീഴിലുള്ള വൈക്കം ശിശു വികസന പദ്ധതി ഓഫീസിന്റെ പരിധിയിലുള്ള 141 അങ്കണ വാടികൾക്കാവശ്യമായ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ഫെബ്രുവരി 25ന് രാവിലെ 11 മണി വരെ ടെണ്ടർ ഫോറം വിതരണം ചെയ്യും. അന്നേ ദിവസം 2 മണി വരെ ടെണ്ടർ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04829 225156.

## റേഡിയേഷൻ ഫിസിസ്റ്റ് തസ്തികയിൽ ഒഴിവ്

എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന റേഡിയേഷൻ ഫിസിസ്റ്റ് തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി ഫെബ്രുവരി 14 രാവിലെ 11 മണിക്ക് വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും. ഫിസിക്സിൽ ബിരുദാനന്തര ബിരുദവും, റേഡിയോളജി അല്ലെങ്കിൽ മെഡിക്കൽ ഫിസിക്സിൽ ഉള്ള പോസ്റ്റ് എം.എസ്സി ഡിപ്ലോമയും റേഡിയേഷൻ തെറാപ്പി യൂണിറ്റിലെ 12 മാസ ഇന്റേൺഷിപ്പുമാണ് യോഗ്യത. ഫിസിക്സ് മുഖ്യ വിഷയമായ ബിരുദവും റേഡിയോളജി അല്ലെങ്കിൽ മെഡിക്കൽ ഫിസിക്സിലെ പി.ജി.യും റേഡിയേഷൻ തെറാപ്പി യൂണിറ്റിലെ 12 മാസ ഇന്റേൺഷിപ്പും യോഗ്യതയായി പരിഗണിക്കും.

ഇവർക്ക് റേഡിയോളജിക്കൽ സേഫ്റ്റി ഓഫീസറായി പ്രവർത്തിക്കാനുള്ള ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരം ഉണ്ടായിരിക്കണം. താൽപര്യമുള്ള ഉദ്യോഗാർഥികൾ അന്നേ ദിവസം യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : 0484-2386000.

## പരീക്ഷാഫലം പ്രഖ്യാപിച്ചു

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ 2024 ജൂൺ ബാച്ച് വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. അമൽ സക്കറിയ അലക്സ് ഒന്നാം റാങ്കിനും ഗോകുൽ ബി രണ്ടാം റാങ്കിനും അഭിജിത്ത് എസ്, ആയുഷ് മനോജ് എന്നിവർ മൂന്നാം റാങ്കിനും അർഹരായി. പരീക്ഷാഫലം അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org ൽ ലഭിക്കും.

## ഡോ.കെ.എസ് ചന്ദ്രശേഖരനെ ആദരിച്ചു

ജമ്മുവിലെ ക്ലസ്റ്റർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി നിയമിക്കപ്പെട്ട ഡോ.കെ.എസ് ചന്ദ്രശേഖരനെ കിക്മ ആദരിച്ചു. സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ അക്കാദമിക് അഡ്വൈസർ കൂടിയാണ് ഡോ.ചന്ദ്രശേഖരൻ. കേരള യൂണിവേഴ്സിറ്റിയിൽ മാനേജ്മെന്റ് സ്റ്റഡീസിൽ സീനിയർ പ്രൊഫസർ ആയിരുന്നു. കഴിഞ്ഞ ഒക്ടോബറിലാണ് അദ്ദേഹം വി.സി യായി ചാർജ്ജെടുത്തത്.

സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയകോട് എൻ കൃഷ്ണൻനായർ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അഡീഷണൽ രജിസ്ട്രാർ- സെക്രട്ടറി രജിത് കുമാർ എം.പി, കിക്മ ഡയറക്ടർ രാജേഷ് എസ് പൈങ്ങാവിൽ, അസോസിയേറ്റ് പ്രൊഫസർ ഡോ. രാകേഷ് കുമാർ എസ്, സംസ്ഥാന സഹകരണ യൂണിയൻ പബ്ലിസിറ്റി ഓഫീസർ ബിജു നെയ്യാർ, എഡ്യൂക്കേഷൻ ഓഫീസർ രാജേഷ് കെ, ആർ.പി.എം കോളേജ് പ്രൻസിപ്പാൾ പ്രൊഫസർ ബിനീഷ് ബി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## പത്തു കോടിയുടെ സമ്മർ ബമ്പർ വിപണിയിൽ

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ പുതിയ സമ്മർ ബമ്പർ ലോട്ടറി ടിക്കറ്റ് വിപണിയിലെത്തി. പത്തു കോടി രൂപയാണ് സമ്മർ ബമ്പറിന് ഒന്നാം സമ്മാനമായി നൽകുന്നത്. രണ്ടാം സമ്മാനമായി 50 ലക്ഷം രൂപ പൊതുവായി എല്ലാ സീരീസുകൾക്കും നൽകും. കഴിഞ്ഞ ദിവസം ധനമന്ത്രി കെ എൻ ബാലഗോപാലാണ് പുതിയ സമ്മർ ബമ്പർ ടിക്കറ്റ് പ്രകാശനം ചെയ്തത്.

250 രൂപ വിലയുള്ള ടിക്കറ്റിന് മൂന്നാം സമ്മാനമായി അഞ്ചു ലക്ഷം രൂപ ഓരോ പരമ്പരയിലും രണ്ടു വീതം ആകെ 60 ലക്ഷവും നൽകുന്നുണ്ട്. അവസാന അഞ്ചക്കത്തിന് നാലാം സമ്മാനമായി ഒരു ലക്ഷവും നൽകും. കൂടാതെ 5000, 2000, 1000, 500 രൂപയുടെ സമ്മാനങ്ങളുമുണ്ട്. ഏപ്രിൽ രണ്ടാം തീയതി രണ്ടു മണിയ്ക്കാണ് ഇത്തവണത്തെ സമ്മർ ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ്.




പട്ടികജാതി മേഖലയിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിൽ മന്ത്രി ഒ ആർ കേളു സംസാരിക്കുന്നു

## പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധം:മന്ത്രി ഒ ആർ കേളു

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതുമായി ബന്ധപ്പെട്ട പദ്ധതികൾ കൃത്യമായി വിലയിരുത്തി മുന്നോട്ടു പോവുകയാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. ഹോട്ടൽ ഗ്രാന്റ് ചൈത്രത്തിൽ നടന്ന പട്ടികജാതി മേഖലയിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വേഗത്തിലും സുതാര്യമായും നടപ്പാക്കും. വിവിധ ഓഫീസുകളിലെ വിവരങ്ങൾ പൊതുജനങ്ങൾക്ക് തടസമില്ലാതെ ലഭിക്കുന്നു എന്ന് ഉറപ്പാക്കും. ഒഡെപെക് മുഖേന വിദേശത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് ലഭ്യമാക്കുന്നതിന് കൃത്യമായ നടപടിക്രമങ്ങളുണ്ട്. അത് ഉപയോഗപ്പെടുത്തണം. ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് റവന്യു വകുപ്പുമായി ചർച്ച നടത്തി ഏകീകരിച്ച സംവിധാനമുണ്ടാക്കും. വിദ്യാർത്ഥികൾക്കുള്ള കോഴ്സുകളിൽ തൊഴിലധിഷ്ഠിത നൂതന സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുത്തുമെന്നും ഭവനനിർമ്മാണത്തിനുള്ള സ്കീമുകളിൽ തുക വർധിപ്പിക്കുന്നത് പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ 14 ജില്ലകളിലും നേരിട്ട് അവലോകന യോഗം നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എസ് സി ഫണ്ട് വഴി നടപ്പിലാക്കുന്ന ശുചിത്വ പരിപാലനം, വൈദ്യുതി, കുടിവെള്ളം, വീട് വയ്ക്കാനുള്ള ഭൂമി, വഴി സൗകര്യം, ശ്മശാനം തുടങ്ങിയവ പരിശോധിച്ചു. പദ്ധതികൾ നടപ്പിലാക്കുന്നത് വേഗത്തിലാക്കും. വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന അഭിപ്രായങ്ങൾ രൂപീകരിക്കാനും വിവിധ വിഷയങ്ങൾക്കുള്ള പരിഹാരങ്ങളും നിർദേശങ്ങളും സംഘടനകളുമായി ചർച്ച ചെയ്യാനുമാണ് യോഗം സംഘടിപ്പിച്ചത്. യോഗത്തിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഉപകാരപ്പെടുമെന്നും മന്ത്രി പറഞ്ഞു.

പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ ഡി. ധർമ്മലശ്രീ സ്വാഗതം ആശംസിച്ചു. എഴുപത്തി മൂന്ന് സംഘടനകളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു വിഷയങ്ങൾ അവതരിപ്പിച്ചു. പട്ടികജാതി നേരിടുന്ന വിഷയങ്ങളിന്മേൽ പരിഹാരം, പദ്ധതികളുടെ പുരോഗതി, മുൻഗണനാ പദ്ധതികൾ, ഫണ്ട് വിനിയോഗം, വിദ്യാഭ്യാസ ആനുകൂല്യ വിതരണം, സാമൂഹ്യ ക്ഷേമ പദ്ധതികൾ, ഭവന പദ്ധതി വായ്പ പദ്ധതി തുടങ്ങിയ വിവിധ കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

## രണ്ടാമത് കേരള രാജ്യാന്തര ഊർജ മേളയ്ക്ക് നാളെ തുടക്കം

### മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും

കേരള സർക്കാർ ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവലിന് (ഐ ഇ എഫ് കെ) തിരുവനന്തപുരത്ത് നാളെ (07/02) തുടക്കമാകും. വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി തൈക്കാട് പോലീസ് മൈതാനിയിൽ ഉച്ചക്ക് 2 മണിക്ക് മേളയുടെ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകളുടെ വിതരണം മന്ത്രി നിർവഹിക്കും. ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ ഹരികുമാർ സ്വാഗതമാശംസിക്കും. ഊർജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ മുഖ്യ പ്രഭാഷണവും പുസ്തക പ്രകാശനവും നടത്തും. കെ എസ് ഇ ബി എൽ മാനേജിങ് ഡയറക്ടറും ചെയർമാനുമായ ബിജു പ്രഭാകർ, നവകേരളം കർമ പദ്ധതി കോർഡിനേറ്റർ ടി എൻ സീമ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഡയറക്ടർ പ്രവതനളിനി സമൽ, അനെർട്ട് സി ഇ ഒ നരേന്ദ്രനാഥ് വേലുരി, സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി വിനോദ്, തിരുവനന്തപുരം കോർപറേഷൻ കൗൺസിലർ ജി മാധവദാസ് എന്നിവർ ചടങ്ങിൽ സംബന്ധിക്കും. എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ സുഭാഷ് ബാബു ബി വി ചടങ്ങിന് നന്ദി അറിയിക്കും.കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മേള സംഘടിപ്പിക്കുന്നത്. ഊർജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള സഹകരണം ശക്തമാക്കുക എന്നിവയാണ് ഈ വർഷത്തെ ഊർജ മേളയുടെ പ്രധാന ലക്ഷ്യം. മേളയോടനുബന്ധിച്ച്, സാങ്കേതിക സെഷനുകൾ, പാനൽ ചർച്ചകൾ, വിവിധ തരം പരിശീലന സെഷനുകൾ, കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ് മത്സരങ്ങൾ, പൊതുപ്രദർശനം, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി മെഗാക്വിസ് തുടങ്ങിയവ നടക്കും.

ഏഷ്യ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷൻ പ്രോജക്ട് വെബ്സൈറ്റ് ലോഞ്ച്, പാനൽ ചർച്ച, ഇന്ത്യാ സ്മാർട്ട് ഗ്രിഡ് ഫോറം, സി.എൽ.എ.എസ്.പി എന്നീ ഏജൻസികളുടെ നേതൃത്വത്തിലുള്ള പാനൽ ചർച്ചകൾ, കേരള സംസ്ഥാന ഊർജ സംരക്ഷണ അവാർഡ് ജേതാക്കളുടെ അവതരണം എന്നിവ ആദ്യ ദിനത്തിൽ നടക്കും. വിവിധ സാംസ്കാരിക പരിപാടികളും മേളയുടെ ഭാഗമായി അരങ്ങേറും മേള ഫെബ്രുവരി 9 ന് സമാപിക്കും.

## നാലുവർഷ ബിരുദ സിലബസുകൾ സമഗ്രമായി സർവ്വകലാശാലാ തലത്തിൽ അവലോകനം ചെയ്യും : മന്ത്രി ആർ ബിന്ദു

നാലുവർഷ ബിരുദ പ്രോഗ്രാം സിലബസുകൾ സമഗ്രമായി സർവ്വകലാശാലാ തലത്തിൽ അവലോകനം ചെയ്യാൻ തീരുമാനിച്ചതായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. സർവ്വകലാശാലകൾ ഇതിനായി പോർട്ടൽ ആരംഭിക്കുമെന്നും നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ അവലോകനയോഗ തീരുമാനങ്ങളായി മന്ത്രി അറിയിച്ചു.

സിലബസുകളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനും ഓരോ കോഴ്സുമനുസരിച്ച് വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി എന്നിവ ഉറപ്പു വരുത്താനുമാണ് സിലബസ് അവലോകനം - മന്ത്രി പറഞ്ഞു.തിരഞ്ഞെടുത്ത കോഴ്സുകൾ സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ റിവ്യൂ ചെയ്യും. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുസമൂഹത്തിനുമടക്കം സർവ്വകലാശാലാ സിലബസിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനാണ് പോർട്ടൽ തുടങ്ങുക. ഈ പോർട്ടലുകളിൽ വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അതത് പഠന ബോർഡുകൾ പരിഗണിക്കും. തുടർന്ന് എല്ലാ സർവ്വകലാശാലാ പഠന ബോർഡുകളും സ്വന്തം സിലബസ് സമഗ്രമായി അവലോകനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കും.

കരിക്കുലം കമ്മിറ്റി ചെയർമാനായിരുന്ന പ്രൊഫ. സുരേഷ് ദാസിന്റെ അധ്യക്ഷതയിൽ സംസ്ഥാന തലത്തിൽ പ്രധാനപ്പെട്ട കോഴ്സുകളുടെ അവലോകനം ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുമെന്നും മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

നാലുവർഷ ബിരുദം നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിലെ പഠന-പാഠ്യേതര- പരീക്ഷാ-മൂല്യനിർണ്ണയ രീതികളിൽ വലിയ മാറ്റങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇവയിൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ-എയ്ഡഡ്-സ്വാശ്രയ കോളേജുകളിലെ അധ്യാപകർക്കും പരിശീലനം നല്കാനും യോഗം തീരുമാനിച്ചതായി മന്ത്രി പറഞ്ഞു. പുതുതായി ആരംഭിച്ച ടീച്ചിംഗ് ആൻഡ് ലേണിംഗ് സെന്റർ ഓഫ് എക്സലൻസിന്റെയും സർവ്വകലാശാലയുടെയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിലാവും പരിശീലനപരിപാടികൾ.വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാലാ-കോളേജ് മാറ്റം, എൻ മൈനസ് വൺ സെമസ്റ്റർ, ഓൺലൈൻ കോഴ്സുകൾ എന്നിവ നടപ്പിലാക്കുന്നതു സംബന്ധിച്ച് സ്റ്റാൻഡേഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ തയ്യാറാക്കാൻ എഫ്.വൈ.യു.ജി.പി മോണിറ്ററിങ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. എല്ലാ സർവ്വകലാശാലകളും കെ-റീപ്പിലേക്ക് മാറാൻ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു.

ബിബിഎ, ബിസിഎ കോഴ്സുകൾ സംബന്ധിച്ചുള്ള എഐസിടിഇ റെഗുലേഷൻ നടപ്പാക്കുന്നതു സംബന്ധിച്ച് സർവ്വകലാശാലാ തലത്തിൽ പഠനം നടത്തുമെന്നും മന്ത്രി ഡോ. ബിന്ദു അറിയിച്ചു. സംസ്ഥാനത്ത് ഈ അക്കാദമിക വർഷം മുതൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്താനായിരുന്നു ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ യോഗം.

യോഗത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സർവ്വകലാശാലാ വൈസ് ചാൻസലർമാർ, രജിസ്ട്രാർമാർ, പരീക്ഷാ കൺട്രോളർമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, എഫ്.വൈ.യു.ജി.പി കമ്മിറ്റി പ്രതിനിധികൾ, ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## ലിറ്റിൽ കൈറ്റ്സ് സംസ്ഥാനതല ക്യാമ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും

സംസ്ഥാനത്തെ സ്കൂളുകളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങൾക്കുള്ള സംസ്ഥാനതല സഹവാസ ക്യാമ്പ് ഫെബ്രുവരി 8, 9 തീയതികളിൽ തിരുവനന്തപുരം കാര്യവട്ടത്തുള്ള ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലെ ഐടി വകുപ്പിന് കീഴിലുള്ള ഐസിഫോസിൽ വെച്ച് നടക്കും. ഫെബ്രുവരി 8 ന് രാവിലെ 10.30ന് പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി വി. ശിവൻകുട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ വെച്ച് ഹൈസ്കൂളുകളിലെ 29000 റോബോട്ടിക് കിറ്റുകളുടെ പൂർത്തീകരണ പ്രഖ്യാപനവും മന്ത്രി നിർവഹിക്കും. കുട്ടികൾ തയ്യാറാക്കിയ റോബോട്ടിക് ഉല്പന്നങ്ങളുടെ പ്രദർശനവും ഇതോടൊപ്പം നടക്കും.

## എക്സ്റ്റേണൽ ക്വാളിറ്റി മോണിറ്റർമാരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് എക്സ്റ്റേണൽ ക്വാളിറ്റി മോണിറ്റർമാരുടെ പാനലിലേക്കു താല്പര്യപത്രം ക്ഷണിച്ചു. അപേക്ഷകർ സർക്കാർ സർവീസിൽ നിന്നു വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർമാർ ആയിരിക്കണം. എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകർക്ക് റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രവർത്തി പരിചയമുണ്ടായിരിക്കേണ്ടതും സേവനകാലയളവിൽ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുണ്ടാകാൻ പാടില്ലാത്തതുമാണ്. താല്പര്യമുള്ളവർ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്നതിന് സേവനമനുഷ്ഠിച്ച വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ സഹിതം lrrp.celsgd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകന്റെ ഉയർന്ന പ്രായപരിധി 70 വയസ്സ് കവിയരുത്. ക്വാളിറ്റിമോണിറ്റർമാർക്കുള്ള ഓണറേറിയം, യാത്രാബത്ത തുടങ്ങിയവ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കു വിധേയമായിരിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 15.

## പുനർ മൂല്യനിർണ്ണയത്തിനുശേഷമുള്ള ഫലം പ്രസിദ്ധീകരിച്ചു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് 2024 ഡിസംബർ 7ന് നടത്തിയ ഇലക്ട്രിക്കൽ സൂപ്പർവൈസർ ഗ്രേഡ് 'ബി' പരീക്ഷ (തിയറി), 2023 ന്റെ പുനർമൂല്യനിർണ്ണയത്തിനുശേഷമുള്ള ഫലം വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.dei.kerala.gov.in ലും ലഭ്യമാണ്.



2023 ലെ സംസ്ഥാന കരകൗശല അവാർഡിൽ ദാരുശിൽപങ്ങൾ വിഭാഗത്തിലെ പുരസ്കാരം ശശിധരൻ പി.എയ്ക്ക് വ്യവസായ മന്ത്രി പി. രാജീവ് സമ്മാനിക്കുന്നു. ആൻറണി രാജു എംഎൽഎ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ.കെ.എസ് കൃപകുമാർ, രാജീവ് ജി., വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ്, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ് ഡയറക്ടർ അനിൽകുമാർ കെ.എസ്, ഹാൻറിക്രാഫ്റ്റ്സ് അസിസ്റ്റൻറ് ഡയറക്ടർ ലെനിൻ രാജ് കെ.ആർ എന്നിവർ സമീപം.

# തിരുപ്പതി ക്ഷേത്രത്തിലെ 18 അഹിന്ദു ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി

ചെന്നൈ: തിരുപ്പതി ക്ഷേത്രത്തിന്റെ ഭരണസമിതിയായ തിരുമല തിരുപ്പതി ദേവസ്ഥാനിലെ (ടിടിഡി) 18 അഹിന്ദു ജീവനക്കാർക്കെതിരെ നടപടി.

ക്ഷേത്രത്തിലെ മതപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് ഇവരെയെല്ലാം വിലക്കുകയും ക്ഷേത്രവുമായി ബന്ധമില്ലാത്ത സ്ഥാനങ്ങളിലേക്ക് സ്ഥലംമാറാൻ ഇവരോട് ആവശ്യപ്പെടുകയും ചെയ്തു.

ക്ഷേത്രങ്ങളുടെ ആത്മീയ പവിത്രതയും മതപരമായ പ്രവർത്തനങ്ങളും സംരക്ഷിക്കുന്നതിനാണ് ഈ തീരുമാനമെന്ന് ബോർഡ് അറിയിച്ചു. അഹിന്ദുക്കളായ ജീവനക്കാരെ സർക്കാർ വകുപ്പുകളിലേക്ക് മാറ്റുകയോ അല്ലെങ്കിൽ അവർ വോളണ്ടിയർ റിട്ടയർമെൻറ് സർവീസ് (വിആർഎസ്) എടുക്കുകയോവേണമെന്ന് ടിടിഡി ബോർഡ് അടുത്തിടെ തീരുമാനിച്ചിരുന്നു.

കോടിക്കണക്കിന് ഹിന്ദു ഭക്തരുടെ പവിത്രതയെയും വികാരങ്ങളെയും വിശ്വാസങ്ങളെയും ബാധിക്കുന്ന 'ഹിന്ദു ഇതര മത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനൊപ്പം ടിടിഡി നടത്തുന്ന ഹിന്ദു മതപരമായ മേളകൾ, ഉത്സവങ്ങൾ, ചടങ്ങുകൾ എന്നിവയിൽ പങ്കെടുക്കുന്ന' 18 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടിക്ക് ഉത്തരവുകൾ പുറപ്പെടുവിച്ചു എന്നാണ് ടിടിഡി ബോർഡിന്റെ പ്രസ്താവനയിൽ പറയുന്നത്. തിരുമല ഹിന്ദു വിശ്വാസത്തിന്റെയും പവിത്രതയുടെയും ഭാഗമായാണ് തീരുമാനമെന്ന് ടിടിഡി ചെയർമാൻ ബിആർ നായിഡു നേരത്തെ പറഞ്ഞിരുന്നു.

ക്ഷേത്രത്തിലെ ജീവനക്കാർ വെങ്കിടേശ്വര ഭഗവാന്റെ ഫോട്ടോയുടെയോ വിഗ്രഹത്തിന്റെയോ മുന്നിൽ സത്യപ്രതിജ്ഞ ചെയ്യണമെന്നും, ഹിന്ദു വിശ്വാസവും പാരമ്പര്യവും പാലിക്കുമെന്ന് പ്രതിജ്ഞയെടുക്കണമെന്നും ബോർഡ് അറിയിച്ചു.

18 ജീവനക്കാരുടെ നിലവിലെ നിയമനം പരിശോധിക്കാനും അവരെ തിരുമലയിലോ ഏതെങ്കിലും ക്ഷേത്രത്തിലോ മതപരമായ പരിപാടികളിലോ ബന്ധപ്പെട്ട ജോലികളിലോ തസ്തികകളിലോ നിയമിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും ടിടിഡിയിലെ രണ്ട് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഉത്തരവിൽ പറഞ്ഞു.

2024 നവംബർ19 നാണ് അഹിന്ദുക്കളായ ജീവനക്കാരെല്ലാം ജോലിയിൽ നിന്ന് വിരമിക്കുകയോ സ്ഥലം മാറിപ്പോവുകയോ ചെയ്യണമെന്ന വിവാദ തീരുമാനം ടിടിഡി ഏടുക്കുന്നത്. 7000ത്തോളം വരുന്ന സ്ഥിരം ജീവനക്കാരിലെ 300 പേരെയും പുതിയ നയം നേരിട്ട് ബാധിക്കും.

14,000 വരുന്ന കരാർ ജീവനക്കാർക്കും നിർദേശം ബാധകമാണ്. ജീവനക്കാരെ മാറ്റുന്നതിനോടൊപ്പം ക്ഷേത്രത്തിനകത്തും പുറത്തുമെല്ലാം ഹിന്ദുക്കളായ കച്ചവടക്കാർക്കു മാത്രമേ അനുമതി നൽകൂ എന്നും ട്രസ്റ്റ് വ്യക്തമാക്കിയിരുന്നു. അഹിന്ദുക്കളെ ക്ഷേത്രം ജീവനക്കാരായി നില നിർത്തുന്നതിനെക്കുറിച്ച് ഇനിയൊരു ചോദ്യം വേണ്ടെന്ന് ബി. ആർ. നായിഡു പറഞ്ഞിരുന്നു.

തിരുപ്പതി ക്ഷേത്രത്തിലെ പ്രധാന വഴിപാടായ ലഡുവുമായി ബന്ധപ്പെട്ടുണ്ടായ വിവാദമാണ് ഈ നീക്കത്തിന്റെ കാരണം. ആന്ധ്രയിൽ ജഗൻ മോഹൻ റെഡ്ഡി മുഖ്യമന്ത്രിയായിരുന്ന കാലത്ത് തിരുപ്പതി ലഡ്ഡു നിർമിക്കാനായി മൃഗക്കൊഴുപ്പു ഉപയോഗിച്ചുവെന്ന് ആരോപണം ഉയർന്നിരുന്നു.

# കരകൗശല മേഖലയെ ശക്തിപ്പെടുത്താൻ വിപണിസാധ്യതകൾ പ്രയോജനപ്പെടുത്തണം: മന്ത്രി പി. രാജീവ്

## 2023 ലെ സംസ്ഥാന കരകൗശല അവാർഡ് മന്ത്രി വിതരണം ചെയ്തു

തിരുവനന്തപുരം: കരകൗശല മേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ വിപണി സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തണമെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. 2023 ലെ സംസ്ഥാന കരകൗശല അവാർഡുകൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കരകൗശല രംഗത്ത് ഇനിയുമേറെ മുന്നോട്ടു പോകാനുണ്ടെന്നും ഇതിന് വിപണി ശക്തിപ്പെടുത്തുകയാണ് പ്രധാനമെന്നും മന്ത്രി പറഞ്ഞു. ഉത്പന്നങ്ങളുടെ വിൽപ്പനയ്ക്കായി ഓൺലൈൻ മാർക്കറ്റിങ് ഉൾപ്പെടെ പ്രയോജനപ്പെടുത്തണം. ഉത്പന്നങ്ങളുടെ മൂല്യവും പ്രാധാന്യവും തിരിച്ചറിഞ്ഞ് വിൽപ്പന നടത്താനും വിപണിയിലേക്ക് പല രീതിയിൽ ഇറങ്ങിച്ചെല്ലാനുമാകണം. ഇതിന് ആവശ്യമായ പരിശീലനം സംസ്ഥാന കരകൗശല കോർപ്പറേൻറെയും വ്യവസായ ഡയറക്ടറേറ്റിൻറെയും നേതൃത്വത്തിൽ കലാകാരന്മാർക്ക് നൽകും.

പരമ്പരാഗത, കരകൗശല ഉത്പന്നങ്ങൾ വിൽക്കുന്നതിനായി കൂടുതൽ വിപണന കേന്ദ്രങ്ങൾ തുടങ്ങാനാകുമെന്ന് മന്ത്രി പറഞ്ഞു. വിദേശികൾ ഉൾപ്പെടെ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങൾ കേരളത്തിൻറെ പരമ്പരാഗത ഉത്പന്നങ്ങളുടെ വിൽപ്പനയ്ക്കായി പ്രയോജനപ്പെടുത്താനാകും. ദേശീയപാതയുടെ വശങ്ങളിലെ സ്ഥലങ്ങൾ ഇതിന് പ്രയോജനപ്പെടുത്തുന്നത് കേന്ദ്ര സർക്കാരിൻറെ പരിഗണനയിലുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

***ആൻറണി രാജു എംഎൽഎ അധ്യക്ഷത വഹിച്ചു***

ശശിധരൻ പി.എ (ദാരുശിൽപങ്ങൾ), എ.പ്രതാപ് (പ്രകൃതിദത്ത നാരുകളിൽ തീർത്ത ശിൽപങ്ങൾ), ബിന്ദേഷ് പി.ബി (ചൂരൽ, മുള എന്നിവയിൽ തീർത്ത കലാരൂപങ്ങൾ), ജയകുമാരി എംഎൽ (ചരട്, നാട, കസവ് എന്നിവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ), ശെൽവരാജ് കെ.എ (ലോഹശിൽപ്പങ്ങൾ), മഹേഷ് പി. (ചിരട്ട ഉപയോഗിച്ച് നിർമിച്ച കലാരൂപങ്ങൾ), ശശികല സി.പി (വിവിധ വസ്തുക്കളിൽ നിർമ്മിച്ച കലാരൂപങ്ങൾ) എന്നിവർക്കാണ് ഇത്തവണത്തെ സംസ്ഥാന പുരസ്കാരം ലഭിച്ചത്. 50,000 രൂപയും പ്രശസ്തി പത്രവും ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം. ഏഴ് വിഭാഗങ്ങളിലാണ് പുരസ്കാരം നൽകുന്നത്. സിപിൻ സി.ജി, സുലൈമാൻ കുട്ടി, അരവിന്ദാക്ഷൻ എം ആർ, അശ്വിനി എസ്എസ്, ഗണേഷ് സുബ്രഹ്മണ്യം, നാഗപ്പൻ ആർ, രമേശൻ എംകെ എന്നിവർ ഈ മേഖലകളിലെ മെറിറ്റ് സർട്ടിഫിക്കറ്റിന് അർഹരായി. 10,000 രൂപയും പ്രശസ്തിപത്രവും ശിൽപവും അടങ്ങുന്നതാണ് ഈ പുരസ്കാരം.

പരമ്പരാഗത വ്യവസായ മേഖലകളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ടെന്ന് മുഖ്യപ്രഭാഷണം നടത്തിയ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു.

വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ഡോ.കെ.എസ് കൃപകുമാർ, രാജീവ് ജി., വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ്, കൈത്തറി വസ്ത്ര ഡയറക്ടറേറ്റ് ഡയറക്ടർ അനിൽകുമാർ കെ.എസ്, ഹാൻറിക്രാഫ്റ്റ്സ് അസിസ്റ്റൻറ് ഡയറക്ടർ ലെനിൻ രാജ് കെ.ആർ എന്നിവർ സംസാരിച്ചു.

സംസ്ഥാനത്ത് കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി 2015 മുതൽക്ക് കരകൗശല അവാർഡ് നൽകിവരുന്നു. കരകൗശല വിദഗ്ധരുടെ മികച്ച സംഭാവനകൾ, കരകൗശല വൈദഗ്ധ്യം, കരകൗശല വികസനം എന്നിവ കണക്കിലെടുത്താണ് അവാർഡ് നൽകുന്നത്.

# വെള്ളത്തിൽ വിഷം കലർത്തി നൽകി മകനെ കൊന്നു; പിതാവ് അറസ്റ്റിൽ

അഹമ്മദാബാദ്: വെള്ളത്തിൽ വിഷം കലർത്തി നൽകി മകനെ കൊന്ന യുവാവ് അറസ്റ്റിൽ. അഹമദാബാദിലെ ബാപ്പുനഗറിലാണ് സംഭവം. സോഡിയം നൈട്രേറ്റ് കലർത്തിയ വെള്ളം നൽകിയാണ് 10 വയസുള്ള മകനെ കൽപേഷ് ഗോഹെൽ (47) കൊലപ്പെടുത്തിയത്. കൊലപാതകത്തിന് പിന്നിലെ കാരണം വ്യക്തമല്ല.

മക്കളെ കൊലപ്പെടുത്തിയ ശേഷം ആത്മഹത്യ ചെയ്യാനായിരുന്നു കൽപേഷ് ഗോഹെൽ പദ്ധതിയിട്ടതെന്ന് പോലീസ് അറിയിച്ചു. വീട്ടിൽ വച്ച് ഛർദ്ദി തടയാൻ കൽപേഷ് തന്റെ മകൻ ഓമിനും 15 വയസുള്ള മകൾ ജിയക്കും മരുന്ന് നൽകിയതായി പെൺകുട്ടിയുടെ മൊഴി ഉദ്ധരിച്ച് ഉദ്യോഗസ്ഥർ പറഞ്ഞു.

തുടർന്ന് സോഡിയം നൈട്രേറ്റ് കലർത്തിയ വെള്ളം ഇയാൾ മകന് നൽകിയെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി. മക്കൾക്ക് വിഷം നൽകിയ ശേഷം ആത്മഹത്യ ചെയ്യാൻ പദ്ധതിയിട്ടിരുന്നെങ്കിലും വിഷം കഴിച്ച മകന്റെ മോശം അവസ്ഥ കണ്ടതോടെ ഇയാൾ വീട്ടിൽ നിന്ന് ഓടിപ്പോകുകയായിരുന്നു.

വെള്ളം കുടിച്ച ഉടൻ തന്നെ കുട്ടി ഛർദ്ദിക്കാൻ തുടങ്ങി. കുടുംബാംഗങ്ങൾ കുട്ടിയെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചതായി ഡോക്ടർമാർ അറിയിച്ചു. അറസ്റ്റിന് പിന്നാലെ മകന് നൽകിയ വെള്ളത്തിൽ 30 ഗ്രാം സോഡിയം നൈട്രേറ്റ് കലർത്തിയതായി ഇയാൾ സമ്മതിച്ചതായി എഫ്ഐആർ പറയുന്നു. ഭാരതീയ ന്യായ സംഹിതയിലെ സെക്ഷൻ 103 (1) (കൊലപാതകം) പ്രകാരമാണ് ഇയാൾക്കെതിരെ കേസെടുത്തിരിക്കുന്നത്. കുട്ടിയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചിട്ടുണ്ടെന്നും കൂടുതൽ അന്വേഷണം നടക്കുകയാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

# സിപിഐക്ക് എതിർപ്പ്; സ്വകാര്യ സർവകലാശാലാ കരട് ബിൽ കൂടുതൽ ചർച്ചയ്ക്കായി മാറ്റി

തിരുവനന്തപുരം: സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്ക് അനുമതി നല്കാനുള്ള കരട് ബിൽ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം പരിഗണിച്ചില്ല. സിപിഐയുടെ എതിർപ്പിനെത്തുടർന്നാണിത്.

സ്വകാര്യ സർവകലാശാലയ്ക്ക് അനുമതി നല്കുന്നതിനു മുന്പ് അക്കാര്യത്തിൽ കൂടുതൽ പഠനം വേണമെന്നു കൃഷിമന്ത്രി പി. പ്രസാദ് മന്ത്രിസഭാ യോഗത്തിൽ ആവശ്യപ്പെട്ടു. ഈ സാഹചര്യത്തിലാണു കൂടുതൽ ചർച്ചകൾക്കായി ബിൽ മാറ്റിവച്ചത്.

സ്വകാര്യ സർവകലാശാലകൾക്ക് അനുമതി നല്കുന്നതിനുള്ള ബിൽ ഈ സഭാസമ്മേളന കാലയളവിൽ ത്തന്നെ അവതരിപ്പിക്കാനായിരുന്നു മുന്പ് സർക്കാർ തീരുമാനം. ഇതിന്റെ ഭാഗമായിട്ടായിരുന്നു ഇന്നലെ കരട് ബിൽ അനുമതിക്കായി മന്ത്രിസഭായോഗത്തിൽ വന്നത്. ഇതു രണ്ടാം തവണയാണു കരട് ബിൽ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിനായി എത്തിയത്.

സിപിഐയുടെ യുവജന സംഘടനയായ എഐവൈഎഫ് ഉൾപ്പെടെയുള്ളവർ സ്വകാര്യ സർവകലാശാലയ്ക്കെതിരേ ശക്തമായി രംഗത്തു വന്നതോടെയാണു സിപിഐയും ഇത്തരത്തിൽ നിലപാടെടുത്തതെന്നാണു സൂചന. സ്വകാര്യ സർവകലാശാല അനാവശ്യമാണെന്ന നിലപാടാണ് എഐവൈഎഫ് സ്വീകരിച്ചത്. സ്വകാര്യ സർവകലാശാലാ വിഷയത്തിൽ എൽഡിഎഫ് യോഗത്തിൽ ആർജെഡി തങ്ങളുടെ എതിർപ്പ് അറിയിച്ചിരുന്നതായി ദേശീയ സെക്രട്ടറി വർഗീസ് ജോർജും പ്രതികരിച്ചു.

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് സംസ്ഥാനത്തേക്കു വിദേശ സർവകലാശാലകളെ ക്ഷണിച്ചപ്പോൾ അതിനെതിരേ രംഗത്തു വന്ന സിപിഎം തന്നെ ഇപ്പോൾ സ്വകാര്യ സർവകലാശാലയ്ക്കായി രംഗത്തു വന്നുവെന്നതും ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു.

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഏജൻസികൾക്കു സ്വകാര്യ സർവകലാശാല ആരംഭിക്കാനുള്ള അനുമതി നല്കുന്നതായിരുന്നു സർക്കാർ മുന്നോട്ടു വച്ച കരട് ബിൽ. സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിനു സർവകലാശാല സ്പോൺസറിംഗ് ഏജൻസി പ്രോജക്ട് റിപ്പോർട്ട് സഹിതം സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കണം. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, ഏതെങ്കിലും ഒരു സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവർ അടങ്ങുന്ന സർക്കാർതല സമിതി അപേക്ഷകൾ പരിശോധിച്ച് ശിപാർശ ചെയ്യും. വൈസ് ചാൻസലർ, അധ്യാപകനിയമനം ഇവയെല്ലാം യുജിസി മാനദണ്ഡപ്രകാരം വേണമെന്നും കരട് ബില്ലിൽ നിർദേശിക്കുന്നു.

ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ, അക്കാദമിക് കൗൺസിൽ തുടങ്ങിയ സമിതികൾ രൂപവത്കരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും കരട് ബില്ലിൽ വ്യക്തമാക്കിയിരുന്നു.

കരട് ബിൽ മന്ത്രിസഭ അംഗീകരിക്കാത്ത പശ്ചാത്തലത്തിൽ ഈ സഭാ സമ്മേളനത്തിൽ ബിൽ നിയമസഭയുടെ പരിഗണനയ്ക്കു വരുമോ എന്നാണ് ഇനി അറിയേണ്ടത്.

# വംശനാശഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിന് നൂതന പദ്ധതിയുമായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന നാടൻ ശുദ്ധജല മത്സ്യ ഇനങ്ങളെ സംരക്ഷിക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെഎസ്ബിബി) നൂതന പദ്ധതി നടപ്പിലാക്കുന്നു. ഗവേഷകരെയും പ്രാദേശിക മത്സ്യത്തൊഴിലാളി സമൂഹത്തേയും ജൈവവൈവിധ്യ പരിപാലന സമിതികളേയും (ബിഎംസി) ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ തനതായ ജല ജൈവവൈവിധ്യം സംരക്ഷിക്കാനാണ് 'ഉൾനാടൻ ജല ജൈവവൈവിധ്യ സംരക്ഷണവും ഭാവി മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കലും' എന്ന പേരിൽ ഈ സംരംഭം ആരംഭിക്കുന്നത്. ശുദ്ധജല മത്സ്യ സംരക്ഷണത്തിനായുള്ള ബോധവൽക്കരണവും നയ-തല ഇടപെടലുകളും ലക്ഷ്യമിട്ടുകൊണ്ട് 2025 ഫെബ്രുവരി 5-ന് കാര്യവട്ടത്തെ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വകുപ്പിൽ ലോക തണ്ണീർത്തട ദിനാചരണവുമായി ബന്ധപ്പെട്ട ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഇതിനായി സംഘടിപ്പിച്ചു. പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനൊപ്പം കേരളത്തിന്റെ ജല പൈതൃകം സംരക്ഷിക്കുന്നതിനുള്ള കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്.

ക്യാപ്റ്റീവ് ബ്രീഡിംഗ്, നാടൻ മത്സ്യ ഇനങ്ങളുടെ എണ്ണം വർധിപ്പിക്കൽ, സുസ്ഥിരമായ ഉപജീവനമാർഗം പ്രോത്സാഹിപ്പിക്കൽ എന്നിവയിൽ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും. വംശനാശഭീഷണി നേരിടുന്ന 10 മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനാണ് കെഎസ്ബിബി പ്രാരംഭ ഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ചെമ്പൻ കൂരൽ, ആശ്ചര്യ പരൽ, കരിംകഴുത്തൻ മഞ്ഞേട്ട, ചാലക്കുടി പരൽ, മോടോൻ, നാടൻ മുശി, ഈറ്റിലക്കണ്ട, കരിമ്പാച്ചി, കരിയാൻ, ചെങ്കണിയാൻ/മിസ് കേരള എന്നിവയാണ് അവ.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന്റെയും (കുഫോസ്) അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വകുപ്പിന്റെയും കേരള വനം വകുപ്പിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തനങ്ങളായ കപ്പാസിറ്റി-ബിൽഡിംഗ് വർക്ക്ഷോപ്പുകൾ, പ്രാദേശിക പങ്കാളികളുമായുള്ള സഹകരണം എന്നിവയും ഇതിന്റെ ഭാഗമായി നടപ്പിലാക്കും. വൈവിധ്യമാർന്ന കാർഷിക രീതികളിലൂടെ പ്രാദേശിക സമൂഹങ്ങൾക്ക് ബദൽ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണൻ വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ അധ്യക്ഷനായ ചടങ്ങിൽ മെമ്പർ സെക്രട്ടറി ഡോ. വി ബാലകൃഷ്ണൻ സ്വാഗതവും അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് സീനിയർ പ്രൊഫസർ ആൻഡ് ഹെഡ് ഡോ. എ. ബിജുകുമാർ നന്ദിയും രേഖപ്പെടുത്തി. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുൻ ചെയർമാൻ ഡോ. ഉമ്മൻ വി ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി.

# അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി നീട്ടി

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2025 സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. ഗവ ഐ ടി ഐ ആറ്റിങ്ങലിൽ 2019-2021 ൽ അഡ്മിഷൻ നേടിയ രണ്ടു വർഷ ട്രേഡുകളിലെ രണ്ടാം വർഷ ട്രെയിനികൾ, 2020 മുതൽ 2023 വരെ ഒരു വർഷ രണ്ടു വർഷ ട്രേഡുകളിൽ അഡ്മിഷൻ നേടിയ ട്രെയിനികൾ എന്നിവരിൽ റഗുലർ പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികൾക്ക് അപേക്ഷിക്കാം. യോഗ്യരായ ട്രെയിനികൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഫെബ്രുവരി 9 ന് വൈകിട്ട് 5 ന് മുൻപ് പ്രിൻസിപ്പാൾ മുൻപാകെ ഹാജരായി പരീക്ഷ എഴുതാനുള്ള അവസരം പ്രയോജനപ്പെടുത്തണം.

# തിരുവനന്തപുരത്ത് റഷ്യൻ കൂലിപ്പട്ടാളത്തിൽ അകപ്പെട്ട യുവാവ് ജീവനൊടുക്കിയ നിലയിൽ

തിരുവനന്തപുരം: റഷ്യൻ കൂലിപ്പട്ടാളത്തിൽ അകപ്പെട്ട യുവാവ് ജീവനൊടുക്കിയ നിലയിൽ. പൂവാർ സ്വദേശി ഡേവിഡ് മുത്തപ്പൻ (24)നെയാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

നെയ്യാറ്റിൻകരയിലെ സ്വകാര്യ ലോഡ്ജിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ബുധനാഴ്ച രാത്രി മുതൽ ഇയാളെ കാണാനില്ലെന്ന് കുടുംബം പരാതി നൽകിയിരുന്നു.

ആറ് മാസങ്ങൾക്ക് മുമ്പാണ് റഷ്യയിൽ മനുഷ്യകടത്തിൽ അകപ്പെട്ട ഡേവിഡ് നാട്ടിൽ തിരിച്ചെത്തിയത്. നെയ്യാറ്റിൻകര പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളജിലേക്ക് മാറ്റി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ശൈലി 2: രണ്ടാം ഘട്ടത്തിൽ 1 കോടി ജനങ്ങളുടെ സ്ക്രീനിംഗ് നടത്തി

## സംസ്ഥാനത്തെ 45 ശതമാനത്തോളം പേർക്ക് ജീവിതശൈലീ രോഗ സാധ്യത രോഗ നിർണയവും ചികിത്സയും ഉറപ്പാക്കി ആരോഗ്യ വകുപ്പ്

ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ 1 കോടിയിലധികം ജനങ്ങളുടെ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.54 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി രോഗസാധ്യത കണ്ടെത്തിയവർക്ക് തുടർ ചികിത്സ ഉറപ്പാക്കിയ ശേഷമാണ് രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്. നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ 10 പദ്ധതികളിൽ പ്രധാനമാണ് ജീവിതശൈലീ രോഗ പ്രതിരോധവും കാൻസർ പ്രതിരോധവും. ആദ്യഘട്ട സ്ക്രീനിംഗിൽ ഏകദേശം 9 ലക്ഷത്തോളം ആളുകൾക്കും രണ്ടാം ഘട്ട സ്ക്രീനിംഗിൽ 2 ലക്ഷത്തിലധികം ആളുകൾക്കും കാൻസർ സാധ്യത കണ്ടെത്തി. ഇത്തരത്തിൽ കണ്ടെത്തിയ ആളുകളിൽ ആദ്യഘട്ടത്തിൽ 1.5 ലക്ഷം ആളുകളും രണ്ടാം ഘട്ടത്തിൽ 40,000 പേരും മാത്രമാണ് തുടർ പരിശോധനയ്ക്ക് തയ്യാറായത്. സ്ക്രീനിംഗിൽ കണ്ടെത്തിയ ഭൂരിപക്ഷം പേരും കാൻസർ തുടർ പരിശോധനയ്ക്ക് സന്നദ്ധമാകുന്നില്ല എന്ന് കണ്ടെത്തിയിരുന്നു. ഇതിനെ തുടർന്നാണ് ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ഓരോ വ്യക്തിയ്ക്കും വാർഷിക ആരോഗ്യ പരിശോധന നടത്തി രോഗാതുരത കുറയ്ക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അതിനാൽ ഒന്നാം ഘട്ട സ്ക്രീനിംഗിൽ പങ്കെടുത്തവരെ കൂടി ഉൾക്കൊള്ളിച്ചാണ് രണ്ടാം ഘട്ട സ്ക്രീനിംഗ് നടത്തുന്നത്. ശൈലി ഒന്നാം ഘട്ടത്തിൽ രക്താതിമർദം, പ്രമേഹം, കാൻസർ, ടിബി, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയപ്പോൾ രണ്ടാം ഘട്ടത്തിൽ ഈ രോഗങ്ങൾക്കൊപ്പം കുഷ്ഠ രോഗം, മാനസികാരോഗ്യം, കാഴ്ചാ പ്രശ്നം, കേൾവി പ്രശ്നം, വയോജന ആരോഗ്യം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു. സ്ക്രീനിംഗിൽ രോഗസാധ്യതയുണ്ടെന്ന് കണ്ടെത്തുന്നവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ ഉറപ്പാക്കി വരുന്നതായും മന്ത്രി വ്യക്തമാക്കി.

ശൈലി രണ്ട് വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി 1 കോടിയിലധികം പേരുടെ സ്ക്രീനിംഗ് നടത്തിയതിൽ 44.85 ശതമാനം പേർക്ക് (45,00,077) ജീവിതശൈലീ രോഗ സാധ്യതയുള്ളതായി കണ്ടെത്തി. നിലവിൽ രക്താതിമർദം മാത്രമുള്ള 13,39,455 (13.35 ശതമാനം) പേരുടേയും പ്രമേഹം മാത്രമുള്ള 8,85,051 (8.82 ശതമാനം) പേരുടേയും ഇവ രണ്ടുമുള്ള 6,01,958 പേരുടേയും (6 ശതമാനം) ആരോഗ്യ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി. കാൻസർ സാധ്യതയുള്ള 2,03,506 പേരെ (2.03 ശതമാനം) കണ്ടെത്തി തുടർ പരിശോധനയ്ക്കായി റഫർ ചെയ്തു. 39,889 പേരെ വായിലെ കാൻസറും 1,25,985 പേരെ സ്തനാർബുദവും 45,436 പേരെ ഗർഭാശയഗള കാൻസറും സംശയിച്ചാണ് റഫർ ചെയ്തത്.

2,42,736 പേരെ ടിബി പരിശോധനയ്ക്കായും 3,87,229 പേരെ ശ്വാസകോശ സംബന്ധമായ പരിശോധനയ്ക്കായും റഫർ ചെയ്തു. 97,769 കിടപ്പ് രോഗികളേയും പരസഹായം ആവശ്യമുള്ള 1,61,494 പേരേയും 33,25,020 വയോജനങ്ങളേയും സന്ദർശിച്ച് ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് തുടർ സേവനങ്ങൾ ഉറപ്പാക്കി വരുന്നു. പുതുതായി ഉൾപ്പെടുത്തിയവയിൽ 2,50,288 പേരെ കുഷ്ഠ രോഗ പരിശോധനയ്ക്കായും 30,69,087 പേരെ കാഴ്ച പരിശോധനയ്ക്കായും 4,18,385 പേരെ കേൾവി പരിശോധനയ്ക്കായും റഫർ ചെയ്തു. 2,21,230 വയോജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുള്ളതായി കണ്ടെത്തി. 1,29,753 പേരെ മാനസികാരോഗ്യ പരിശോധനയ്ക്ക് റഫർ ചെയ്തു.

ഇ ഹെൽത്ത് രൂപകല്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ജീവിതശൈലീ രോഗങ്ങൾ നേരത്തേ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും. അതോടൊപ്പം രോഗസാധ്യത കണ്ടെത്തിയവരിൽ ജീവിതശൈലിയിൽ മാറ്റം വരുത്തിയും വ്യായാമത്തിലൂടെയും ജീവിതശൈലീ രോഗങ്ങൾ വരാതെ നോക്കാനും സാധിക്കുന്നു.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ ജനകീയ ക്ലബ്ബുകൾ വഴി ജീവിതശൈലീ മാറ്റത്തിനുള്ള ഇടപടലുകൾ നടത്തുന്നു. പ്രമേഹം ഉൾപ്പെടെയുള്ള ജീവിത ശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പ് അന്താരാഷ്ട്ര ഡയബറ്റീസ് കോൺക്ലേവ് സംഘടിപ്പിച്ച് അതിലെ ആശയങ്ങൾ ഉൾക്കൊണ്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.




"ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് - 2025" മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി പി രാജീവ് സമീപം

# ഇലക്ട്രിക് വാഹന വിപണനരംഗത്ത് കേരളത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തും: മന്ത്രി പി. രാജീവ്

## ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റിന് തുടക്കമായി

ഇലക്ട്രിക് വാഹന വിപണിയിലെ കേരളത്തിന്റെ മുന്നേറ്റം ആ മേഖലയിലെ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അഭിപ്രായപ്പെട്ടു. ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടന്ന ചടങ്ങിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു മന്ത്രി. ടാറ്റയുടെ ഇലക്ട്രിക് കാർ വിപണനത്തിന്റെ 20 ശതമാനവും കേരളത്തിലാണ് നടക്കുന്നതെന്ന കണക്ക് ഇലക്ട്രിക് വാഹന വിപണിയിലെ മുന്നേറ്റം കാണിക്കുന്നു. നാലിലൊരു കുടുംബത്തിന് നിലവിൽ കാറുള്ള സംസ്ഥാനമാണ് കേരളം.

തിരുവനന്തപുരത്തെ കേരളത്തിന്റേയും രാജ്യത്തിന്റേയും ഓട്ടോമോട്ടീവ് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുക എന്നതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും കോൺഫഡറേഷൻ ഓഫ് ഇൻഡസ്ട്രിയും സംയുക്തമായി എക്സ്പോ സംഘടിപ്പിക്കുന്നത്. ഇൻവെസ്റ്റ് കേരള സമ്മിറ്റിന്റെ ഭാഗമായി നിരവധി കോൺക്ലേവുകളും ചർച്ചകളും സംഘടിപ്പിച്ചു. ആദ്യ ജെൻ എഐ കോൺക്ലേവ്, ആയുർവേദം, മാരിടൈം, ഐടി തുടങ്ങിയ വിവിധ വിഷയങ്ങളിൽ ചർച്ചകളും പൂർത്തിയായി. ദാവോസിൽ നടത്തിയ സന്ദർശനത്തിൽ 70 ബിസിനസ് ചർച്ചകളാണ് നടത്തിയത്. ലോകത്തിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സാഹചര്യമുള്ള ഇടമായി കേരളം മാറി. ആരോഗ്യം, വിദ്യാഭ്യാസം, ഭരണനിർവഹണം തുടങ്ങിയ മേഖലകളിൽ സുസ്ഥിര മായ പ്രകടനത്തോടെ രാജ്യത്ത് ഒന്നാംസ്ഥാനത്താണ് കേരളം തുടരുന്നത്. കേരളത്തിന്റെ നൈപുണ്യശേഷി ഓട്ടോമോട്ടീവ് മേഖലയിൽ ഉപയോഗിക്കാൻ നിക്ഷേപകർക്ക് കഴിയുന്ന സാഹചര്യവും നിലവിലുണ്ട്.സുരക്ഷിതത്വവും കൃത്യതയും ഉറപ്പാക്കുന്ന സോഫ്റ്റ്‌വെയർ സഹായത്തോടെയുള്ള ഇലക്ട്രിക് വാഹനങ്ങളുടെ സാധ്യതകൾ സംസ്ഥാനം തിരിച്ചറിയുന്നു. ലോകത്തെ തന്നെ സിമുലേഷൻ ആൻഡ് വാലിഡേഷൻ മേഖലയിൽ ലോകത്തെ തന്നെ ഏറ്റവും പ്രധാനപ്പെട്ട കമ്പനിയായ ഡി സ്പേസ്, മുൻനിരവാഹന കമ്പനിയായ ആക്സിയ ടെക്നോളജീസ്, നിസാൻ ഡിജിറ്റൽ, വിസ്റ്റിയോൺ, ടാറ്റ എലക്സി തുടങ്ങിയ നിരവധി കമ്പനികൾ തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചു. ഇലക്ട്രിക് വാഹന നയത്തിനനുസൃതമായി സംസ്ഥാന സർക്കാർ മുന്നോട് പോവുകയാണെന്നും സുരക്ഷിതമായ നിക്ഷേപത്തിനും വ്യവസായ സഹകരണത്തിനും കേരളം ഒപ്പമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ഏകജാലക സംവിധാനത്തിലൂടെ നടപടിക ക്രമങ്ങളിൽ വേഗതയും വ്യവസായ, നിക്ഷേപ സൗഹൃദ സാഹചര്യവും സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞതായി റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വ്യവസായത്തിന് അനുയോജ്യമായ പരിസ്ഥിതി സൗഹൃദ ഇക്കോസിസ്റ്റം രൂപപ്പെടുത്തി കഴിഞ്ഞു. ഭാവിയിൽ ഗതാഗത മേഖലയിൽ സാങ്കേതിക വിദ്യയുടെ സാഹചര്യം തിരിച്ചറിഞ്ഞ്, മാലിന്യ മുക്തവും സുസ്ഥിരവുമായ വാഹനങ്ങൾ നിർമിക്കാൻ ഓട്ടോമേറ്റീവ് ടെക്നോളജിയിലൂടെ സാധിക്കട്ടെയെന്നും മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വകുപ്പ് ഡയറക്ടർ എസ് ഹരികിഷോർ, സി.ഐ.ഐ കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വിനോദ് മഞ്ഞില, സി.ഐ.ഐ കാറ്റ്സ് ചെയർമാൻ സ്റ്റെഫാൻ ജുറാഷെക്, കെ.പി.എം.ജി ഇൻഡ്യ പാട്ണർ വിനോദ് കുമാർ ആർ, ബി.എം.ഡബ്ല്യു ടെക്വർക്സ് ഇന്ത്യ സി.ഇ.ഒ ആദിത്യ ഖേര, മെഴ്സിഡൻസ് ഇന്ത്യ എംഡി സന്തോഷ് അയ്യർ, സി.ഐ.ഐ കാറ്റ്സ് കോ ചെയർമാൻ ജിജിമോൻ ചന്ദ്രൻ എന്നിവർ സംബന്ധിച്ചു.

# കമ്യൂണിക്കോർ:

## തദ്ദേശീയ മേഖലയിലെ കുട്ടികൾക്കും യുവജനങ്ങൾക്കും ഭാഷാ നൈപുണ്യ പരിശീലന പദ്ധതിയുമായി കുടുംബശ്രീ

തിരുവനന്തപുരം: തദ്ദേശീയ മേഖലയിലെ യുവാക്കൾക്കും കുട്ടികൾക്കും ഭാഷാ നൈപുണ്യം ലഭ്യമാക്കുന്നതിനായി 'കമ്യൂണിക്കോർ' പദ്ധതിയുമായി കുടുംബശ്രീ. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം വർധിപ്പിച്ചു കൊണ്ട് ഗുണമേൻമയുള്ള ഉന്നതവിദ്യാഭ്യാസവും തൊഴിൽ അവസരങ്ങളും ഒപ്പം ഡിജിറ്റൽ സാക്ഷരതയും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിൻറെ ഭാഗമായി ആദ്യഘട്ടത്തിൽ ആയിരം പേർക്ക് ഉന്നതനിലവാരത്തിലുള്ള ഭാഷാപരിശീലനം നൽകും. കുടുംബശ്രീ സംസ്ഥാന മിഷനാണ് പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കുന്നത്. പദ്ധതിയുടെ ലോഗോ പ്രകാശനം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്.ദിനേശൻ നിർവഹിച്ചു.

തദ്ദേശീയ മേഖലയിൽ അധിവസിക്കുന്നവർക്ക് മലയാളം ഇംഗ്ലീഷ് ഭാഷകൾ മനസിലാക്കുന്നതിന് പ്രയാസം നേരിടുന്നത് വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും അവരുടെ മുന്നേറ്റത്തെ സാരമായി ബാധിക്കുന്നുണ്ട്. കമ്യൂണിക്കോർ പരിശീലന പദ്ധതി നടപ്പാക്കുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷ.നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പട്ടികവർഗ പ്രത്യേക പദ്ധതിയും പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയും നടപ്പാക്കുന്ന പ്രദേശങ്ങളിലാകും ആദ്യഘട്ടത്തിൽ കമ്യൂണിക്കോർ പദ്ധതി നടപ്പാക്കുക.15നും 18നും ഇടയിൽ പ്രായമുള്ള മുപ്പത് മുതൽ അമ്പത് പേർ ഉൾപ്പെടുന്ന ബാച്ചുകളായി തിരിച്ചാണ് ഭാഷാപരിശീലനം. ഇംഗ്ലീഷ് ഭാഷ വായിക്കാനും ആത്മവിശ്വാസത്തോടെ എഴുതാനും സംസാരിക്കാനുമുള്ള കഴിവുകൾ നേടാൻ സഹായകമായ രീതിയിലായിരിക്കും പാഠ്യ പദ്ധതിയുടെ ക്രമീകരണം. ഐ.ടി ഉൾപ്പെടെയുള്ള മേഖലകളിൽ തൊഴിൽ നേടുന്നതിനാവശ്യമായ രീതിയിലായിരിക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നൽകുക. കുടുംബശ്രീയുടെ ബ്രിജ് കോഴ്സുകളിലെ യോഗ്യതയുള്ള അധ്യാപകർക്കും പരിശീലനം നൽകും. ഇതിനാവശ്യമായ പരിശീലന മൊഡ്യൂൾ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുമായി ചേർന്നുകൊണ്ട് സംസ്ഥാനമിഷൻറെ നേതൃത്വത്തിൽ തയ്യാറാക്കും.പരിശീലനം നൽകാൻ ആവശ്യമായ പരിശീലകരെ കുടുംബശ്രീ നേരിട്ട് തിരഞ്ഞെടുക്കും. രണ്ടു വർഷത്തിനുള്ളിൽ ആയിരം പേർക്കും പരിശീലനം പൂർത്തിയാക്കുകയാണ് ലക്ഷ്യം.സംസ്ഥാന മിഷനിൽ സംഘടിപ്പിച്ച ലോഗോ പ്രകാശന ചടങ്ങിൽ പ്രോഗ്രാം ഓഫീസർ ഡോ.ബി.ശ്രീജിത്ത്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ പ്രഭാകരൻ, അരുൺ പി.രാജൻ, സ്റ്റേറ്റ് അസിസ്റ്റൻറ് പ്രോഗ്രാം മാനേജർമാരായ ശാരിക എസ്, ജിഷ്ണു ഗോപൻ, ഓ.എസ്.എസ് അർജുൻ പ്രതാപ് എന്നിവർ പങ്കെടുത്തു.




*കമ്യൂണിക്കോർ' പദ്ധതിയുടെ ലോഗോ പ്രകാശനം, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്.ദിനേശൻ പ്രോഗ്രാം ഓഫീസർ ഡോ.ബി.ശ്രീജിത്തിന് നൽകി നിർവഹിക്കുന്നു. (ഇടതു നിന്നും) ശാരിക എസ്, അർജുൻ പ്രതാപ്, പ്രഭാകരൻ, ജിഷ്ണു ഗോപൻ, അരുൺ പി.രാജൻ എന്നിവർ സമീപം*

# പകുതി വില തട്ടിപ്പ് കേസ്; ലാലി വിൻസെൻറ് മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയിൽ

കൊച്ചി: പകുതി വില തട്ടിപ്പ് കേസിൽ മുൻകൂർ ജാമ്യം തേടി കോൺഗ്രസ് നേതാവ് ലാലി വിൻസെൻറ് ഹൈക്കോടതിയിൽ. കേസിൽ ലാലി വിൻസെൻറിനെ പ്രതി ചേർത്തിരുന്നു. ഇതിന് പിന്നാലെയാണ് ജാമ്യാപേക്ഷ നൽകിയത്. കണ്ണൂർ ടൗൺ പോലീസെടുത്ത കേസിലാണ് ലാലി വിൻസെൻറ് പ്രതിയായിരിക്കുന്നത്. അനന്തു കൃഷ്ണൻ ഉൾപ്പെടെ കേസിൽ ഏഴ് പ്രതികളുണ്ട്. ലാലി വിൻസെൻറ് ഏഴാം പ്രതിയാണ്. അനന്തു കൃഷ്ണനിൽനിന്നും വക്കീൽ ഫീസ് മാത്രമാണ് തനിക്ക് ലഭിച്ചതെന്ന് ലാലി വിൻസെൻറ് പറഞ്ഞിരുന്നു. രണ്ട് വർഷത്തിനിടെ വക്കീൽ ഫീസ് ഇനത്തിൽ 40 ലക്ഷം രൂപ ലഭിച്ചു. മറ്റു സാമ്പത്തിക നേട്ടങ്ങളൊന്നും ഇല്ലെന്നും ബാങ്ക് അക്കൗണ്ട് പരിശോധിക്കാമെന്നും ലാലി വിൻസെൻറ് പറഞ്ഞിരുന്നു.

# മദ്യനിർമാണശാല വിവാദം: പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് സർക്കാരിന് മറുപടിയില്ലെന്ന് സതീശൻ

തിരുവനന്തപുരം: മദ്യനിർമാണശാല വിവാദത്തിൽ പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് സർക്കാരിന് മറുപടിയില്ലെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. എക്സൈസ് മന്ത്രിയുടേത് നുണകളുടെ ചീട്ടുകൊട്ടാരമാണെന്ന് സതീശൻ ആവർത്തിച്ചു. കൻറോൺമെൻറ് ഹൗസിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സതീശൻ. സർക്കാരിന്റെ മദ്യനയം വരുന്നതിന് മുന്പേ ഒയാസിസ് കന്പനിയെ ക്ഷണിച്ചു. ഈ കന്പനിക്ക് വേണ്ടിയാണ് മദ്യനയം സർക്കാർ മാറ്റിയതെന്നും അദ്ദേഹം ആരോപിച്ചു. ഒയാസിസ് വന്നത് സർക്കാരിന്റെ ക്ഷണപ്രകാരമാണ്.

എന്ത് വൃത്തികേടും ചെയ്യുന്ന തരത്തിലേക്ക് പോലീസ് അധഃപതിച്ചു. വിവാഹസത്കാരത്തിൽ പോയി മടങ്ങിയ സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ പോലീസ് ക്രൂരമായി മർദിച്ചു. മയക്കുമരുന്നിന്റെ ആസ്ഥാനമായി കേരളം മാറി. എക്സൈസും പോലീസും നിർജീവമായി മാറിയെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. പാതിവില തട്ടിപ്പ് വിഷയത്തിൽ ലാലി വിൻസെൻറ് ലീഗൽ അഡ്വൈസർ മാത്രമാണ്. തന്നെയും അനന്തു കൃഷ്ണൻ സമീപിച്ചു. അതിന് പിന്നാലെ താൻ പോയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

# മുഖ്യമന്ത്രിയുടെ പ്രവൃത്തികൾ ജനങ്ങളെ അകറ്റി, സെക്രട്ടറിയുടെ ചിരി മാഞ്ഞുപോയി: സിപിഎം ജില്ലാ സമ്മേളനത്തിൽ രൂക്ഷവിമർശനം

കാസർഗോഡ്: സിപിഎം കാസർഗോഡ് ജില്ലാ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും പാർട്ടി സെക്രട്ടറി എം. വി. ഗോവിന്ദനും നേതാക്കൾക്കുമെതിരേ രൂക്ഷവിമർശനം. പിണറായി വിജയന്റെ പ്രവർത്തനവും പരാമർശങ്ങളും ജനങ്ങളെ പാർട്ടിയിൽ നിന്ന് അകറ്റിയെന്ന് പ്രതിനിധികൾ കുറ്റപ്പെടുത്തി. ചിരിച്ചുകൊണ്ടിരുന്ന എം. വി. ഗോവിന്ദൻ സെക്രട്ടറിയായ ശേഷം ചിരി മാഞ്ഞുപോയെന്നും സമ്മേളനത്തിൽ പ്രതിനിധികൾ പറഞ്ഞു. ഇ. പി. ജയരാജന്റെ പ്രസംഗം പലപ്പോഴും പാർട്ടിയെ പ്രതിക്കൂട്ടിലാക്കുന്നു എന്നും ആരോപണമുയർന്നു.

അതേസമയം, തദ്ദേശസ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയ ചില നികുതി വർധനകൾ ജനങ്ങൾക്ക് ഭാരമായെന്നും ഇതിന് ഉത്തരവാദി തദ്ദേശ വകുപ്പ് മന്ത്രി എം. ബി. രാജേഷാണെന്നും വിമർശനമുയർന്നു.

# ഓപ്ഷൻ രജിസ്ട്രേഷൻ

ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ്– 2024 പ്രവേശനത്തിനുള്ള മൂന്നാംഘട്ട അലോട്ട്മെന്റിനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഫെബ്രുവരി 8 വരെയാണ് ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള അവസരം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സിറ്റിങ്

കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ സുനിത വിമൽ 2025 ഫെബ്രുവരി 10, 17, 24 തീയതികളിൽ കോട്ടയത്തും 12, 19 തീയതികളിൽ പുനലൂരിലും 15, 22 തീയതികളിൽ പീരുമേടും 25 ന് തൊടുപുഴയിലും മറ്റു പ്രവൃത്തി ദിവസങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.